# ബ്രഹ്മി ചേർക്കാത്ത ബ്രഹ്മി ക്യാപ്സ്യൂൾ

ആയുർവേദ നിർമാണരംഗം പെട്ടെന്നു പണം നേടാനുള്ള ഒരു ബിസിനസായി പലരും ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ചില പ്രത്യേക ആയുർവേദ മൂലികൾ ചേർത്ത് ഔഷധങ്ങൾ തയ്യാറാക്കി അവ ചില രോഗങ്ങൾക്ക് ഒറ്റമൂലിയാണെന്ന മട്ടിൽ വൻതോതിൽ പരസ്യം നൽകി തെറ്റിദ്ധരിപ്പിച്ച് രോഗികളെ വഞ്ചിക്കുകയാണ് വ്യാപാര രീതി.



ഈയിടെ മലയാള പത്രങ്ങളിൽ പരസ്യപ്പെടുത്തിക്കൊണ്ട് കേരളത്തിലെ മരുന്നുകടകളിലൂടെ വിൽപനയാരംഭിച്ചിരിക്കുന്ന ടെക്ക ക്യാപ്സ്യൂൾ ഇത്തരത്തിലൊരു ഉൽപന്നമാണ്. ടെക്ക ക്യാപ്സ്യൂൾ എന്നാണ് മലയാള പരസ്യങ്ങളിലും ക്യാപ്സൂളിന്റെ പായ്ക്കറ്റിൽ ഇംഗ്ലീഷിലും അടിച്ചിരിക്കുന്നത്.

നാഡീഞരമ്പുകൾക്കും മസ്തിഷ്കകോശങ്ങൾക്കും ജീവചൈതന്യം വർദ്ധിപ്പിക്കാനും തലച്ചോറിന് നവോന്മേഷം പകർന്ന് ബുദ്ധി ശക്തി വർദ്ധിപ്പിച്ച് നിങ്ങളെ കൂടുതൽ ബുദ്ധിമാനാക്കാനും ഓർമ്മശക്തിയും ഏകാഗ്രതയും വർദ്ധിപ്പിക്കാനും സഹായിക്കുന്ന അദ്ഭുതാവഹമായ ഔഷധ ശക്തിയുള്ള ആയുർവേദ മരുന്നാണ് ബ്രഹ്മി എന്നു പരസ്യം പറയുന്നു.

പരസ്യത്തിന്റെ ഏറ്റവും ആകർഷണീയമായ ഭാഗം ഇതല്ല. ആയുർവേദ ചികിത്സയിലുപയോഗിക്കുന്ന മരുന്നു ചെടികൾക്ക് അതുകൊണ്ട് ഉപയോഗം

ശേഷം 5-ാം പേജിൽ

# ബ്രഹ്മി ചേർക്കാത്ത ബ്രഹ്മി ക്യാപ്സൂൾ

ഒന്നാം പേജ് തുടർച്ച

കാട്ടുന്ന ശരീരഭാഗത്തിന്റെ രൂപവുമായി സാദൃശ്യമുള്ളതായി കണ്ടു വരുന്നു എന്നു പറഞ്ഞുകൊണ്ട് ബ്രഹ്മി തലച്ചോറിനുള്ള ഔഷധമാണെന്ന് പ്രകൃതി മാതാവ് നിശ്ചയിച്ചതിന്റെ തെളിവിതാ എന്നു ഉൽഘോഷിച്ച് ബ്രഹ്മിയുടെ ഇലയുടെയും തലച്ചോറിന്റെയും ചിത്രം നൽകിയിരിക്കുന്നു പരസ്യത്തിൽ. ചിത്രത്തിലെ തലച്ചോറിന്റെ പാർശ്വവീക്ഷണ രൂപരേഖയ്ക്കും ബ്രഹ്മിയുടെ ഇല എന്നു പറഞ്ഞ് കൊടുത്തിരിക്കുന്ന ഇലയുടെ രൂപരേഖയ്ക്കും നല്ല സാദൃശ്യമുണ്ടെന്നതു ശരി. 'പ്രകൃതിമാതാവ് നൽകുന്ന ഈ തെളിവിൽ' സാധാരണക്കാരൻ വീണു പോയാൽ അൽഭുതമില്ല.

പരസ്യം പറയുന്നപോലെ കുട്ടിയുടെ വിക്ക് മാറ്റാനോ വിദ്യാർഥിയുടെ ഏകാഗ്രത വർദ്ധിപ്പിക്കാനോ മുതിർന്നവർക്ക് കൂടുതൽ ദൃഢചിത്തത ലഭിക്കാനോ വൃദ്ധരുടെ ഓർമ്മശക്തി വർദ്ധിപ്പിക്കാനോ ഒക്കെ ഈ ക്യാപ്സൂൾ വാങ്ങി പലരും ഉപയോഗിച്ചു തുടങ്ങിയിരിക്കും. പോരാത്തതിന് ഈ ക്യാപ്സൂൾ വാങ്ങി പലരും ഉപയോഗിച്ചു തുടങ്ങിയിരിക്കും. പോരാത്തതിന് കൃത്യമായ ഡോസേജും പരസ്യത്തിൽ എഴുതിയിട്ടുണ്ട്. (ശരിയായ ഫലസിദ്ധിക്ക് 90 ദിവസമെങ്കിലും ക്യാപ്സൂൾ വിഴുങ്ങണമെന്ന് പ്രത്യേക നിർദ്ദേശവുമുണ്ട്.)

പക്ഷെ, മരുന്നുചെടിയെക്കുറിച്ച് എന്തെങ്കിലും അറിയാവുന്ന ആരും ഈ പരസ്യം കണ്ടാൽ നെറ്റി ചുളിക്കുമെന്നത് തീർച്ച. കാരണം, ബ്രഹ്മി തലച്ചോറിനുള്ള മരുന്നാണെന്ന് പ്രകൃതി മാതാവ് നിശ്ചയിച്ചിട്ടുണ്ട് എന്നു തെളിയിക്കാൻ കൊടുത്തിട്ടുള്ള ചിത്രത്തിലെ ഇല ബ്രഹ്മിയുടെതല്ല!!

ക്യാപ്സൂൾ കൂടിന്റെ പുറത്ത് 'ബ്രഹ്മി ച്ചെടി'യുടെ ചിത്രമുണ്ട് - അതും ബ്രഹ്മിയുടേതല്ല!! പരസ്യത്തിൽ ബ്രഹ്മിയുടെ ശാസ്ത്രനാമം നൽകിയിട്ടുണ്ട്- സെന്റില അസറ്റിക്ക എന്ന്. അതും ബ്രഹ്മിയുടേതല്ല!!.

നാട്ടുവൈദ്യത്തിലും ആയുർവേദത്തിലും അതിലുപരി സിദ്ധ വൈദ്യത്തിലും ഉപയോഗിച്ചുവരുന്ന മുത്തിൾ (കുടവൻ,കുടങ്ങൽ) എന്ന ചെടിയുടെതാണ് ചിത്രവും ശാസ്ത്രനാമവും. മുത്തിളും ബ്രഹ്മിയും കാഴ്ചക്ക് വളരെ വ്യത്യാസമുള്ള ചെടികളാണ്. അവയുടെ പലഗുണങ്ങളും ഏതാണ്ട് ഒരു പോലെയാണ് എന്നത് വാസ്തവമാണ്. പക്ഷെ, മുത്തിൾ മുത്തിളും, ബ്രഹ്മി ബ്രഹ്മിയും തന്നെ. മുത്തിൾ ഉപയോഗിച്ചുണ്ടാക്കുന്ന മരുന്നിനെ ബ്രഹ്മി ക്യാപ്സൂൾ എന്നു പരസ്യപ്പെടുത്തി വില്ക്കുന്നത് ശരിയല്ലല്ലോ.